**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചവറയിൽ സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചവറയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു |
| (ബി) | ഇതിന്റെ ഭാഗമായുള്ള സംഭരണ ടാങ്ക് നിർമ്മിക്കുന്നതിനായി കെ.എം.എം.എൽ-ന്റെ സ്ഥലം പാട്ടത്തിന് എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. കെ.എം.എം.എൽ -ന്റെ സ്ഥലം പാട്ടത്തിനു നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ-ഉം എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br><br>പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ട ചുമതല കൊല്ലം ജില്ലയിലെ authorized City Gas Distribution കമ്പനി ആയ എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനു ആണ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | LNG സംഭരണ പ്ലാന്റും അനുബന്ധ സി.എൻ.ജി സ്റ്റേഷനും 2025 മാർച്ചോടുകൂടി പ്രവർത്തനം ആരംഭിക്കുവാനും 2028-ഓടെ പദ്ധതി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ